LIBRARY ARCHIVES Kerala Legislative Assembly

ഡയാലിസിസ് യൂണിറ്റുകൾ

72 (737) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം തലങ്ങളിലുള്ള സർക്കാർ ആശുപത്രി കളിലാണ് ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ ;

(ബി) കിഡ്നി സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും പൂർണ്ണസമയം പ്രവർത്തിക്കുന്ന ഒരു ഡയാലിസിസ് യൂണിറ്റെങ്കിലും സർക്കാർ ആശുപത്രികളിൽ ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പുതുതായി തുടങ്ങിയവ ഒഴികെയുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യവകുപ്പിനുകീഴിൽ സാമൂഹ്യ ആരോഗ്യകേന്ദ്രം, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി തുടങ്ങി 23 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(ബി) 5-12-2013-ലെ സ.ഉ.(ആർറ്റി.) നമ്പർ 114/2013/ടാക്സ്സ് പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 27 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി കെ.എം.സി.എൽ. മുഖേന ആരംഭിച്ചിട്ടുണ്ട്. 2015-16 (പ്ലാൻ) ബഡ്ജറ്റിൽ പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 710 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ക്യാൻസർ രോഗികൾക്ക് വിതരണംചെയ്ത സാമ്പത്തിക സഹായം

73 (738) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-ൽ ക്യാൻസർ രോഗികൾക്ക് വിതരണംചെയ്ത സാമ്പത്തിക സഹായം എത്രയെന്നും എത്ര രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്നും വിശദമാക്കാമോ ?